(ഡി) കർണ്ണാടകവുമായുള്ള കരാർ പ്രകാരം കേരളം 27 സർവ്വീസുകളും കർണ്ണാടകം 15 സർവ്വീസുകളും നടത്തും. സർവ്വീസുകൾ സംബന്ധിച്ച വിവരം അനുബന്ധം (2)ലായി ചേർത്തിട്ടുണ്ട്.†

55 (3380) അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളത്ത് നിന്ന് ഇന്റർസ്റ്റേറ്റ് ബസ്സ് സർവ്വീസ് തുടങ്ങുന്നതിനുള്ള സ്ഥലം എം.എൽ.എ.യുടെ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടി അറിയിക്കുമോ;

(ബി) കായംകുളം (ഓച്ചിറ) കോയമ്പത്തൂർ,

കായംകുളം (ഓച്ചിറ) മധുര

കായംകുളം (ഓച്ചിറ) പഴനി

കായംകുളം (ഓച്ചിറ) ചെങ്കോട്ട

കായംകുളം (ഓച്ചിറ) കന്യാകുമാരി തുടങ്ങിയ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കായംകുളത്തുനിന്നും ബാംഗ്ലൂരിലേക്ക് സർവ്വീസ് നടത്തുവാൻ കായംകുളം ഡി.റ്റി.ഒ.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റൂട്ടുകൾ അന്തർ സംസ്ഥാന കരാറുകളിൽ ഉൾപ്പെടാത്തതുകൊണ്ട് തൽക്കാലം ആരംഭിക്കുവാൻ കഴിയുകയില്ല.

56 (3381) ഫാസ്റ്റ് പാസഞ്ചറിന് സ്റ്റോപ്പ്

ശ്രീ. സി. മൊയിൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്-വയനാട് റോഡിൽ പുതുപ്പാടിക്കടുത്തുള്ള ഒടുങ്ങാക്കാട് മഖാമിന് സമീപം കെ.എസ്.ആർ.ടി.സി.യുടെ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾക്ക് സ്റ്റോപ്പില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്റ്റോപ്പില്ലാത്തതുമൂലം തീർത്ഥാടകരായ യാത്രക്കാർ ബുദ്ധിമുട്ടനുഭവിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ദിവസേന നൂറുക്കണക്കിന് തീർത്ഥാടകർ എത്തുന്ന ഒടുങ്ങാക്കാട് മഖാമിന് സമീപം കെ.എസ്.ആർ.ടി.സി.യുടെ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കാൻ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) നിർവ്വാഹമില്ല. (പുതുപ്പാടി പഞ്ചായത്താഫീസിനു മുൻപിൽ നിലവിൽ ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകൾ നിറുത്തുന്നുണ്ട്. പ്രസ്തുത സ്ഥലത്തു നിന്നും മഖാമിലേക്കുള്ള ദൂരം കേവലം 200 മീറ്റർ മാത്രമാണ്)

57 (3382) രാത്രി പത്തുമണിക്കുശേഷം ഓടുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സ്റ്റോപ്പുകൾ

ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. എം.കെ. മുനീർ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ രാത്രി 10 മണിക്കുശേഷം യാത്രക്കാർ ആവശ്യപ്പെടുന്ന സ്റ്റോപ്പുകളിൽ നിറുത്തിക്കൊടുക്കണമെന്ന് നിലവിൽ വ്യവസ്ഥയുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യുടെ എല്ലാത്തരം സർവ്വീസുകളും രാത്രി പത്തുമണിക്കുശേഷം രാവിലെ 6 മണിവരെ യാത്രക്കാർ ആവശ്യപ്പെടുന്ന പ്രധാന സ്ഥലങ്ങളിൽ നിറുത്തിക്കൊടുക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

(ബി) ഇതോടൊപ്പം ചേർത്തിരിക്കുന്നു.†

(സി) ചോദ്യം ഉദിക്കുന്നില്ല.

58 (3383) പി.എം.ജി.യിൽ എക്സ്പ്രസ് ബസ്സുകൾക്ക് സ്റ്റോപ്പ്

ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ.കെ. ബാവ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിരവധി കേന്ദ്ര-സംസ്ഥാന സർക്കാർ ഓഫീസുകൾ ചുറ്റുപാടും സ്ഥിതിചെയ്യുന്ന തിരുവനന്തപുരം പി.എം.ജി. ജംഗ്ഷനിൽ കെ.എസ്. ആർ.ടി.സി.യുടെ ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, സൂപ്പർ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly